മ്പോഴും ഈ ഒരു കോടി രൂപ മതിയാകില്ല. ഈ സന്ദർഭത്തിൽ നമുക്ക് ഇത്രമേ ചെയ്യാൻ കഴിയൂ. കൂടുതലായി ഇറിഗേഷന് കേന്ദ്ര ഗവൺമെന്റിൽനിന്ന് കിട്ടാനുള്ള സാഹചര്യമുണ്ടെങ്കിൽ, അതുപോലെ ഏതെങ്കിലും പദ്ധതിയിൽ ചെലവഴിക്കാൻ കഴിയാതെ വന്നാൽ, റീഅലോട്ടുമെന്റിനെക്കുറിച്ച് ആലോചിച്ച് വല്ലതും അലോട്ടു ചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിക്കുകയും ചെയ്യാമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. അതുകൊണ്ടാണ് കൂടുതൽ പണം ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാൻ കഴിയാതിരുന്നത്.

(5) വേണുഗോപാലക്കുറുപ്പിന്റെ വീടിനുനേർക്കുണ്ടായ ബോംബാക്രമണം

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ജനതാ പാർട്ടിയുടെയും കിസാൻ 10 A.M.] ജനതയുടെയും പ്രവർത്തകനായ, ഒരു സ്കൂൾ അദ്ധ്യാപകനായ, വടകര താലൂക്കിലെ ഇരിങ്ങന്നൂരിലെ സഖാവ് വേണുഗോപാലക്കുറുപ്പിന്റെ വീട് കഴിഞ്ഞ 13-ാം തീയതി വെളുപ്പിന് ആക്രമണത്തിന് വിധേയമായി. മീൻ പിടിക്കാൻ ഉപയോഗിക്കുന്ന രണ്ട് ഡൈനമൈറ് പോലെയുള്ള ചെറിയ ബോംബുകൾ വീടിന്റെ കുളിമുറിയുടെ ഭാഗത്തും കിടപ്പുമുറിയുടെ ഭാഗത്തും വച്ച് പൊട്ടിച്ചു. ഞാൻ ആ സ്ഥലം 15-ാം തീയതി സന്ദർശിച്ചു. എല്ലാ പാർട്ടിയുടെയും പ്രവർത്തകൻമാർ ആ പ്രദേശത്ത് പോയിട്ടുണ്ട്. ഈ സംഭവം നടന്നപ്പോൾ ശ്രീ. വേണുഗോപാലക്കുറുപ്പും അദ്ദേഹത്തിന്റെ കുടുംബവും അവിടെയില്ലായിരുന്നു. സംഭവം ഉടൻതന്നെ പോലീസിന് റിപ്പോർട്ട് ചെയ്യുകയും പിന്നീട് അദ്ദേഹം പോലീസിന് പരാതി കൊടുക്കുകയും ചെയ്തുവെങ്കിലും ഇന്നേവരെയായി പോലീസ് ആരെയെങ്കിലും കസ്റ്റഡിയിൽ എടുത്തതായോ ചോദ്യം ചെയ്തതായോ ശ്രീ. വേണുഗോപാലക്കുറുപ്പിനും അവിടെയുള്ളവർക്കും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പോലീസിന്റെ അനാസ്ഥക്കെതിരായി ഈ 3-ാം തീയതി നാദാപുരം പോലീസ് സ്റ്റേഷന്റെ മുമ്പിലും കോഴിക്കോട് റൂറൽ എസ്. പി. ആഫീസിന്റെ മുമ്പിലും ജനതാപാർട്ടി പ്രവർത്തകൻമാർ ധർണ സംഘടിപ്പിച്ചു. ഈ കാര്യത്തിൽ അടിയന്തിരമായി അന്വേഷിച്ച് ആരാണ് കുറ്റവാളിയെന്നു കണ്ടുപിടിക്കുവാൻ സാധിക്കുകയാണെങ്കിൽ കണ്ടുപിടിച്ചു വേണ്ട നടപടികളും സ്വീകരിക്കണം. ഗവൺമെന്റിന്റെയും പോലീസിന്റെയും അനാസ്ഥ ആ പ്രദേശത്തെ ജനങ്ങളിൽ വളരെയധികം ആശങ്കയുണ്ടാക്കുന്നുണ്ട് എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, കോഴിക്കോട് ജില്ലയിലെ നാദാപുരത്ത് ഇരിങ്ങന്നൂർ എന്ന സ്ഥലത്താണ് ഈ സംഭവമുണ്ടായിട്ടുള്ളത്. അവിടെ രണ്ടു സഹോദരിമാരുണ്ട്—നാരായണിയും കമലവും. കമലം ജനതാപാർട്ടി അനുകൂലിയാണ്. നാരായണി പിൻതുണയ്ക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയെയാണെന്നാണ് എനിക്ക് കിട്ടിയ വിവരം. ഏതായാലും അവരുടെ വസ്തുതർക്കത്തിൽ ഉണ്ടായ ഒരു കേസിനു സാക്ഷി പറഞ്ഞ ഒരാൾ മാത്രമാണ് ജനതാപാർട്ടി നേതാവായ ശ്രീ. വേണുഗോപാലക്കുറുപ്പ്. അദ്ദേഹം ഒരു കക്ഷിയല്ല; ഒരു കേസിനു സാക്ഷി പറഞ്ഞിട്ടുണ്ട് എന്നു മാത്രമേയുള്ളൂ. കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് ശ്രീമതി കമലത്തിന് അവരുടെ വസ്തുവിൽ പോലീസ് സംരക്ഷണം കൊടുത്തിട്ടുള്ളത്. ഏതായാലും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വേണുഗോപാലക്കുറുപ്പ് അവിടെയില്ലായിരുന്ന സമയത്താണ് അദ്ദേഹത്തിന്റെ വീട്ടിൽ ഒരു സ്ഫോടനം ഉണ്ടായത്. അതിനെതുടർന്ന് പോലീസ് എക്സ്പ്ലോസീവ് എക്സ്പർട്ടിനെ കൊണ്ടുവന്ന് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയുണ്ടായി. എന്നാൽ പ്രതികളെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും സംശയത്തിന്റെ പേരിൽ പത്ത് മാർക്സിസ്റ്റുപാർട്ടി പ്രവർത്തകരെ അറസ്റ്റു ചെയ്ത് അവരുടെ പേരിൽ 107-ാം വകുപ്പനുസരിച്ച് കേസെടുത്തിട്ടുണ്ട്. കോഴിക്കോട് എസ്. പി. ആഫീസിനു മുമ്പിൽ സത്യാഗ്രഹം നടക്കുന്ന വിവരം എനിക്കറിയാമായിരുന്നു. ഉടൻതന്നെ അതിനെക്കുറിച്ച് അന്വേഷിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്.

(6) കുമ്പളങ്ങിയിലെ ശുദ്ധജലക്ഷാമം

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, കൊച്ചി നഗരത്തിന്റെ അതിർത്തിയിൽ ഏകദേശം മുപ്പതിനായിരം ജനങ്ങൾ താമസിക്കുന്ന ഒരു ദ്വീപാണ് കുമ്പളങ്ങി. അവിടെ ലോക്കലായി കിട്ടുന്ന വെള്ളം കുടിക്കാനുപയോഗിക്കാൻ പാടില്ല എന്നു നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ വിദഗ്ദ്ധ സമിതി റിപ്പോർട്ടുചെയ്തിട്ടുണ്ട്. അതിനെത്തുടർന്നു ആ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി കുമ്പളങ്ങിയിലെ ശുദ്ധജലവിതരണപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഒരു സ്കീമിൽപ്പെടുത്തി 1982-83-ൽ ഒരു ശുദ്ധജല വിതരണ പദ്ധതി ഉണ്ടാക്കുകയും അതിന്റെ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. 1983 മാർച്ച് 31-നുള്ളിൽ ആ പദ്ധതി പൂർത്തിയാക്കി അവിടെ ജലമെത്തിക്കണമെന്നായിരുന്നു അന്ന് ഉദ്ദേശിച്ചിരുന്നത്. ഒരു പമ്പിംഗ് സ്റ്റേഷനും ഓവർഹെഡ് ടാങ്കും വിതരണത്തിനുള്ള പൈപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ്. വിതരണത്തിനുള്ള പൈപ്പുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇട്ടുകഴിഞ്ഞിട്ട് ഇപ്പോൾ രണ്ടുകൊല്ലം കഴിഞ്ഞു. 25 ലക്ഷം ഉറുപ്പികയ്ക്കുള്ള പൈപ്പ് ഇതിനകം അവിടെ ഇട്ടു കഴിഞ്ഞു. ഓവർഹെഡ്ടാങ്കിനുള്ള സ്ഥലം അഡ്വാൻസായി വാങ്ങിച്ചിട്ട് രണ്ടു കൊല്ലമായി. അഡ്വാൻസായിട്ടുള്ള സ്ഥലത്തിന് ഗവൺമെന്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുവരെ രണ്ടു സ്ഥാപനങ്ങളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നതുകൊണ്ട് രണ്ടുകൊല്ലമായി ഇട്ടിരിക്കുന്ന പൈപ്പുകളിൽ ഒരു തുള്ളി വെള്ളംപോലും കണക്ട് ചെയ്തുകൊടുക്കാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ഈ പദ്ധതി ആവിഷ്കരിച്ച കാലത്ത് 1983 മാർച്ച് 31-നുള്ളിൽ അതിലേ കടന്നുപോകുന്ന ചെല്ലാനം പൈപ്പ് ലൈനിൽനിന്നു വെള്ളം ഇവിടെ എത്തിക്കണമെന്നാണ് തീരുമാനിച്ചത്. അതും നടക്കുന്നില്ല. ചെല്ലാനം ലൈനിലൂടെ വേണ്ടത്ര വെള്ളം കൊടുക്കുന്നില്ല എന്നതാണ് അതിനു കാരണം. ഈ പരിതഃസ്ഥിതിയിൽ അഡ്വാൻസ് പൊസഷനിൽ കൊടുത്ത സ്ഥലംപോലും കൈവശം എടുക്കാനുള്ള നടപടികളും ഇത്രയും കാലമായിട്ടും മുമ്പോട്ടുകൊണ്ടുപോകാൻ അനാസ്ഥ കാണിക്കുന്ന ഒരു സമീപനമാണ് ബന്ധപ്പെട്ട ആളുകൾ സ്വീകരിച്ചുവരുന്നത്. നമ്മുടെ ഡിപ്പാർട്ടുമെന്റും അത് ത്വരിതപ്പെടുത്താനുള്ള നടപടികൾ എടുക്കുന്നില്ല. ഈ ഒരു പരിതഃസ്ഥിതിയിൽ അനിശ്ചിതമായിട്ട് ഒരു തുള്ളി ശുദ്ധജലം പോലും കിട്ടാൻ മാർഗ്ഗമില്ലാതെ ഉപ്പുവെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശത്തെ ജലവിതരണം നീട്ടികൊണ്ടുപോകുന്നത് ശരിയല്ല. രണ്ടു മാർഗ്ഗങ്ങളേ അതിലുള്ളൂ. തൊട്ടടുത്തുകൂടി പോകുന്ന ചെല്ലാനം പൈപ്പുലൈനിൽ വേണ്ടിടത്തോളം വെള്ളമെത്തിക്കാനുള്ള നടപടി ഉണ്ടാക്കിക്കൊണ്ട് കുറെ മണിക്കൂർ നേരത്തേക്കെങ്കിലും കുമ്പളങ്ങിയിലേക്ക് വെള്ളമെത്തി

LIBRARY ARCHIVES Kerala Legislative Assembly